## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T3203 21.6.2013-ൽ മറുപടിക്ക്

### മാലിന്യ സംസ്കരണത്തിനായുള്ള മാതൃകാ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. ഡി. ദേവസ്സി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) മാലിന്യ സംസ്ക്കരണത്തിനായി പുതിയ മാതൃകാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; | എ) & ബി) മാലിന്യം ഉത്ഭവ സ്ഥാനത്ത് തന്നെ സംസ്ക്കരിക്കുക എന്നതിന്റെ ഭാഗമായി ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന മാലിന്യ സംസ്ക്കണ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയും അവയുടെ നിർവ്വഹണത്തിലേയ്ക്കായി സാമ്പത്തിക സഹായവും നൽകി വരുന്നു. കൂടാതെ നിലവിലുള്ള പ്ലാന്റുകൾ നവീകരിക്കുന്നതിനും പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക അംഗീകാരവും 100 ശതമാനം സാമ്പത്തിക സഹായവും നൽകി വരുന്നു. |
| ബി) നഗരങ്ങളിലും പഞ്ചായത്തുകളിലും പെരുകുന്ന മാലിന്യം സംസ്ക്കരിക്കുന്നതിനായി ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ച്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ